## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത 275-ാം നമ്പർ ചോദ്യം 05.03.2012 -ലെ മറുപടിക്ക്**

**ജീവനക്കാരുടെ ആനുകൂല്യങ്ങളും സ്വകാര്യബാങ്കുകളും**

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. കെ.വി. വിജയദാസ്<br>ശ്രീ. സി. കൃഷ്ണൻ<br>ശ്രീ. പുരുഷൻ കടലുണ്ടി | ബഹു.ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി<br>ശ്രീ. കെ.എം.മാണി |
| (എ) ജീവനക്കാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും ട്രഷറികളിൽ നിന്നും മാറ്റി സ്വകാര്യബാങ്കുകൾ വഴി നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) പുതുതലമുറ ബാങ്കുകൾക്ക് സർക്കാർ ഫണ്ട് കൈമാറുന്നത് സംസ്ഥാനത്തിന്റെ ഏതെല്ലാം താല്പര്യങ്ങൾ സംരക്ഷിക്കാനാണെന്നു വിശദമാക്കുമോ; | (ബി) സർക്കാർ ഫണ്ടുകൾ പുതുതലമുറ ബാങ്കുകൾ മുഖാന്തിരം കൈമാറുന്നതിന് അനുമതി നൽകിയിട്ടില്ല. പൊതുമേഖലാ / സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട്, അത്തരം സ്ഥാപനങ്ങളുടെ തീരുമാനത്തിന് വിധേയമായി മാത്രം കൈകാര്യം ചെയ്യുവാൻ മാത്രമാണ് സ്വകാര്യ ബാങ്കുകളെ അനുവദിച്ചിരിക്കുന്നത്. |
| (സി) മുൻ സാമ്പത്തിക വർഷം 'ശമ്പളവും മറ്റാനുകൂല്യങ്ങളും' ഇനത്തിൽ എത്ര തുക ട്രഷറികൾ വഴി കൈമാറുകയുണ്ടായി; | (സി) മുൻ സാമ്പത്തിക വർഷം 'ശമ്പളവും മറ്റാനുകൂല്യങ്ങളും' ഇനത്തിൽ 11074.17 കോടി രൂപ ട്രഷറികൾ വഴി കൈമാറുകയുണ്ടായി. |
| (ഡി) സ്വകാര്യബാങ്കുകൾ വഴി ജീവനക്കാരുടേയും മറ്റും ശമ്പളവും ആനുകൂല്യങ്ങളും നൽകാനുള്ള പരിഷ്ക്കാരം എന്നു മുതൽ നടപ്പാക്കാനാണുദ്ദേശിക്കുന്നത്? | (ഡി) (എ) യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല. |

Degpa

സെക്ഷൻ ഓഫീസർ